സിറ്റി ബസ്സുകളിൽ 2+2 സീറ്റ് അറേഞ്ചുമെന്റ് ഏർപ്പെടുത്തുവാൻ നടപടി

1063 [1571] ശ്രീ. പി. പി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സിറ്റി ബസ്സുകളിലെ തിരക്ക് ഒഴിവാക്കുന്നതിന്, പുതുതായി ഇറക്കുന്ന സിറ്റി ബസ്സുകളിൽ 2+2 സീറ്റ് അറേഞ്ച്മെന്റ് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

പ്രൈവറ്റ് ബസ്സുകൾക്ക് ഓവർലാപ്പിംഗ്

1064 [1572] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശസാൽകൃത മേഖലകളിൽ എവിടെയെങ്കിലും പ്രൈവറ്റ് ബസ്സുകൾക്ക് ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) 1986 സെപ്റ്റംബർ 30 വരെ എത്തെല്ലാം സ്വകാര്യ ബസ് മുതലാളിമാർക്കാണ് ഈ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ), (ബി) സംസ്ഥാനത്ത് ദേശവൽകൃത മേഖലകളിൽപ്പെടുന്ന വയനാട്ടിലും എറണാകുളം ആലപ്പുഴ റൂട്ടിലും പ്രൈവറ്റ് ബസ് സർവ്വീസുകൾക്ക് ചില നിബന്ധനകൾക്ക് വിധേയമായി ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

കിഴക്കേക്കോട്ട ബസ് സ്റ്റാൻറിൽ സ്ഥാപിച്ചിരിക്കുന്ന കമ്പിവേലി

1065 [1573] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കിഴക്കേക്കോട്ട ബസ് സ്റ്റാൻറിൽ സ്ഥാപിച്ചിരിക്കുന്ന കമ്പിവേലി യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രയുംവേഗം അത് പൊളിച്ചുമാറ്റാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly